LIBRARY ARCHIVES Kerala Legislative Assembly

റോഡ് പുനർനിർമ്മാണം

112 [294] *ശ്രീ. എ. എൻ. രാജൻബാബു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം ആലപ്പാട് പഞ്ചായത്തിലേയും സമീപ തീരദേശ പഞ്ചായത്തുകളിലേയും എത്ര റോഡുകൾ ഫിഷറീസ് വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് പുനർനിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) സുനാമി ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് പുനർനിർമ്മിക്കാൻ ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്ന റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന കായംകുളം ഫിഷറീസ് ഹാർബർ പ്രദേശത്തുള്ള അപ്രോച്ച് റോഡുകൾ സുനാമിയിൽ തകർന്നത് നന്നാക്കുന്നതിന് 21.95 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി പഞ്ചായത്തിലെ ഫിഷറീസ് റോഡായ കാക്കത്തുരുത്ത്, മരുതൂർകുളങ്ങര റോഡിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു.

(ബി) പട്ടിക തയ്യാറാക്കിവരുന്നു.

(സി) പട്ടിക പൂർണ്ണമായി തയ്യാറായിട്ടില്ല.

സുനാമി ദുരന്തവും നഷ്ടപരിഹാരവും

113 [295] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ വിഴിഞ്ഞം വില്ലേജിൽ എത്രപേർക്ക് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടു; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരമോ പുതിയതായി മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായമോ നൽകിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ അതിന് കാരണമെന്താണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) സുനാമി ദുരന്തത്തിൽ വിഴിഞ്ഞം വില്ലേജിൽ ആർക്കുംതന്നെ മത്സ്യബന്ധനോപകരണങ്ങൾ പൂർണ്ണമായി നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ 293 പേരുടെ മത്സ്യബന്ധന വള്ളങ്ങൾക്കും കട്ടമരത്തിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇവയുടെ കേടുപാടുകൾ തീർക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി 293 പേർക്കായി 5,76,500 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

രജിസ്ട്രേഷൻ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

114 [296] *ശ്രീ. എം. മുരളി:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *വി. ഡി. സതീശൻ:*
,, *പി. ടി. തോമസ്:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ആഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചുവോ; ഇല്ലെങ്കിൽ ഇനി എത്ര ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാനുണ്ട്;

(ബി) കമ്പ്യൂട്ടർവൽക്കരണത്തിനായി ഒട്ടാകെ എന്ത് തുക ചെലവഴിച്ചു;

(സി) പ്രമാണങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ആദ്യമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ തൊടുപുഴ, നേമം, സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം നടത്തിയിരുന്നുവോ, എങ്കിൽ അത് സൗകര്യപ്രദമായി കണ്ടുവോ;

(ഇ) എങ്കിൽ ആധാരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം വേണ്ടന്നുവെച്ചത് എന്തുകൊണ്ട്;

(എഫ്) കമ്പ്യൂട്ടർവൽക്കരണത്തിനുശേഷം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കൊടുക്കുവാൻ ആദ്യ കാലങ്ങളിൽ എത്ര സമയം എടുത്തു; ഇപ്പോൾ എത്ര സമയമാണ് എടുക്കുന്നത് ?

ഉത്തരം

(എ) ആകെ 308 സബ്രജിസ്ട്രാർ ആഫീസുകളിൽ 114 ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 194 സബ്രജിസ്ട്രാർ ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly